LIBRARY ARCHIVES Kerala Legislative Assembly

സുനാമിയിൽ മരണപ്പെട്ടവർ

87 [92] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിമൂലം സംസ്ഥാനത്ത് എത്ര പേർ മരണപ്പെട്ടു;

(ബി) മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നാളിതുവരെ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത്;

(സി) മരണപ്പെട്ടവരുടെ കുടുംബത്തിലെ ഒരാൾക്ക് ജോലി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 203 (സംസ്ഥാനത്തിനകത്ത് 171-ഉം പുറത്ത് 32-ഉം)

(ബി) മരണപ്പെട്ടവരിൽ മുതിർന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപയും, കുട്ടികളുടെ അവകാശികൾക്ക് 50,000 രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

പ്രകൃതി ദുരന്തങ്ങളിൽനിന്നും തീരദേശത്തെ സംരക്ഷിക്കാൻ നടപടി

88 [93] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുനാമി ദുരന്തത്തിൽ എത്ര പേർ മരിച്ചിട്ടുണ്ട് എന്നും, എത്ര പേർ ഇതുമൂലം രോഗബാധിതരായിട്ടുണ്ടെന്നും എന്തെല്ലാം നാശ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട് എന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കുന്നതിനും തീരദേശം സംരക്ഷിതമാക്കുന്നതിനും, പൂർണ്ണമായും കടൽഭിത്തി കെട്ടാൻ സമയ ബന്ധിതമായി നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനുവേണ്ടിയുള്ള സമയബന്ധിത പദ്ധതി തുടങ്ങാൻ സർക്കാർ തയ്യാറാകുമോ;

(ഇ) ഇത് സംബന്ധമായി എന്തെല്ലാം സഹായങ്ങളാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടത് എന്നും, അതിൽ എന്തെല്ലാം അനുവദിച്ചു എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിനകത്ത് 171 പേരും സംസ്ഥാനത്തിനുപുറത്ത് 32 പേരും ഉൾപ്പെടെ 203 പേർ സുനാമി ദുരന്തത്തിൽ മരിച്ചു. മരണത്തെക്കുറിച്ചും നാശനഷ്ടങ്ങളെക്കുറിച്ചും ഉള്ള ജില്ലാതല കണക്കുകൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ബി) ആവശ്യാനുസരണം പുനരധിവാസ ക്യാമ്പുകൾ ആരംഭിക്കുവാൻ നടപടി കൈക്കൊണ്ടു. ക്യാമ്പുകളിൽ ഭക്ഷണം, കുടിവെള്ളവിതരണം, ആവശ്യമായ വൈദ്യസഹായം എന്നിവ ലഭ്യമാക്കാൻ നിർദ്ദേശം നല്കി. തീരപ്രദേശത്തെ കുടുംബങ്ങൾക്കും അഴിമുഖം പോലെയുള്ള പ്രദേശത്തെ ദുരന്തബാധിതർക്കും രണ്ട് മാസത്തെ റേഷൻ സൗജന്യമായി നല്കാൻ നടപടി എടുത്തു. മൃതദേഹങ്ങൾ ബന്ധുക്കൾക്ക് സത്വരമായി നൽകുന്നതിന് വേണ്ട നിർദ്ദേശം നൽകി. റേഷൻ കാർഡുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ നഷ്ടപ്പെട്ടവർക്ക് ക്യാമ്പുകളിൽ വച്ചു തന്നെ നല്കാനുള്ള ഏർപ്പാടുണ്ടാക്കി.

പുസ്തകം, നോട്ടുബുക്ക്, യൂണിഫോം എന്നിവ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് പുതിയ പുസ്തകം, നോട്ടുബുക്ക്, രണ്ട് സെറ്റ് യൂണിഫോം എന്നിവ ക്യാമ്പിൽ വച്ചു തന്നെ വിതരണം ചെയ്യാൻ നടപടി എടുത്തു. മരണപ്പെട്ടതിൽ മുതിർന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയും, കുട്ടികളുടെ അവകാശികൾക്ക് 50,000 രൂപയും, അംഗഭംഗം സംഭവിച്ചവർക്ക് 25,000 രൂപയും, പരിക്കു പറ്റിയവർക്ക് 5,000 രൂപയും, ഡിസംബർ 26,27 തീയതികളിൽ കൊല്ലം, ആലപ്പുഴ ജില്ലകളിലെ ക്യാമ്പുകളിൽ പ്രവേശിച്ചവർക്ക് ഒരു കുടുംബത്തിന് 1,000 രൂപ എന്ന നിരക്കിൽ ധനസഹായം വിതരണം ചെയ്തു. തീരദേശ മത്സ്യബന്ധന മേഖലകളിൽ നൽകിയിട്ടുള്ള വായ്പകളുടെ തിരിച്ചടവ് ആറു മാസക്കാലത്തേക്ക് നീട്ടിവയ്ക്കാനും സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളെ സംബന്ധിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും ഹൗസിംഗ് ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും മൂന്നു മാസം ദീർഘിപ്പിക്കുവാൻ തീരുമാനിച്ചു. ദുരന്തബാധിത പ്രദേശങ്ങൾ വൃത്തിയാക്കാൻ വേണ്ട നടപടികൾ കൈക്കൊണ്ടു. ആവശ്യം വേണ്ടുന്ന കടൽഭിത്തി നിർമ്മാണത്തിനും, റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും, കുടിവെള്ള പദ്ധതിക്കും അനുവാദം നൽകി. മത്സ്യത്തൊഴിലാളികൾക്ക് നല്കിവരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയിലേക്ക് ഡിസംബർ മാസത്തെ തൊഴിലാളി വിഹിതം ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകാൻ തീരുമാനിച്ചു. മത്സ്യബന്ധനോപകരണങ്ങൾ നന്നാക്കാനും നല്കുന്നതിനും 13.85 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചു.

— (സി ആന്റ് ഡി) സംസ്ഥാനത്തിന്റെ തീരദേശം കടൽഭിത്തി കെട്ടി സംരക്ഷിക്കണം എന്നതാണ് ഗവൺമെന്റിന്റെ താല്പര്യം. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായം ആവശ്യമാണ്.

(ഇ) കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുന്നതിനായി പ്രാഥമികമായി കണക്ക് തിട്ടപ്പെടുത്തിയപ്പോൾ നാശനഷ്ടങ്ങൾക്കും പുനരുദ്ധാരണത്തിനും വേണ്ടി സംസ്ഥാനത്തൊട്ടാകെ ആകെ 1358.62 കോടി രൂപ ആവശ്യമുള്ളതായി നിജപ്പെടുത്തിയിരുന്നു. പ്രസ്തുത തുക അനുവദിക്കാൻ കേന്ദ്ര ഗവൺമെന്റിന് വിശദമായ നിവേദനം നൽകിയിട്ടുണ്ട്. 100 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly